**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **14-10-2024 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താമസിക്കുന്ന എല്ലാവർക്കും റേഷൻ കാർഡ് ലഭ്യമാക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | കെ.ടി.പി.ഡി.എസ് കൺട്രോൾ ഓർഡർ, 2021-ന്റെ ക്ലോസ് 4 (i), (ii), (iii) പ്രകാരം റേഷൻ കാർഡ് അനുവദിക്കുന്നതിന്, ഉണഭോക്താവ് ഇന്ത്യൻ പൗരനായി രിക്കണമെന്നും, സംസ്ഥാനത്തെ സ്ഥിര താമസക്കാരനായിരിക്കണമെന്നും, ഇന്ത്യയിൽ മറ്റെവിടെയും ഒരു റേഷൻ കാർഡിലും അംഗമായിരിക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം എല്ലാ തദ്ദേശീയർക്കും റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെയോ സമാന രേഖകളുടെയോ അടിസ്ഥാനത്തിൽ കാർഡ് അനുവദിച്ച് വരുന്നു. സംസ്ഥാനത്ത് നിലവിൽ ആകെ 94,72,408 റേഷൻ കാർഡുകളാണ് ഉള്ളത്.<br><br>വിവിധ സംസ്ഥാനങ്ങളിലെ റേഷൻ കാർഡ് ഡാറ്റാബേസുകൾ തമ്മിൽ ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ, കേരളത്തിൽതാമസിക്കുന്ന അന്യസംസ്ഥാനക്കാർക്ക് അവരുടെ സംസ്ഥാനത്ത് റേഷൻ കാർഡ് ഉണ്ടോയെന്ന് തിരിച്ചറിയാൻ സാധിക്കില്ല. അതിനാൽ നിലവിലെ സാഹചര്യത്തിൽ, സംസ്ഥാനത്തിന് പുറത്ത് നിന്നുള്ളവർക്ക് ഇവിടെ റേഷൻ കാർഡ് അനുവദിക്കുന്നതിന് തടസ്സമുണ്ട്. എന്നാൽ അന്യസംസ്ഥാനക്കാർക്ക് അവരുടെ സംസ്ഥാനത്ത് നിന്നും അനുവദിച്ചിട്ടുള്ള NFSA റേഷൻ കാർഡുപയോഗിച്ച് കേരളത്തിൽ നിന്നും റേഷൻ വാങ്ങാവുന്നതാണ്. |
| (ബി) | കൊമേഴ്സ്യൽ നമ്പർ ഇട്ടിട്ടുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥന് പ്രസ്തുത കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കെട്ടിടത്തിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിലല്ല താമസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് റേഷൻകാർഡ് അനുവദിക്കുന്നത്. ഒരു സ്ഥലത്ത് താമസിക്കുന്ന, ഒരു പൊതു അടുക്കളയിൽ നിന്നും ഭക്ഷണം പങ്കിടുന്ന ഒന്നോ അതിലധികമോ ആയ വ്യക്തികളെയാണ് (രക്ത ബന്ധം/ വിവാഹം) കുടുംബം എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | നിലവിൽ ഇപ്രകാരമുള്ള കുടുംബങ്ങൾക്ക്, റസിഡഷ്യൽ സ്റ്റാറ്റസ് ഉള്ള കെട്ടിട നമ്പറിലാണ് റേഷൻ കാർഡ് അനുവദിക്കുന്നത്.<br><br>കെ.ടി.പി.ഡി.എസ് കൺട്രോൾ ഓർഡർ, 2021-ൽ വ്യവസ്ഥ ഇല്ലാത്തതിനാൽ കൊമേഴ്സ്യൽ കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കാൻ കഴിയില്ല. എന്നാൽ കൊമേഴ്സ്യൽ കെട്ടിടത്തിൽ ഭക്ഷണ പാചക സൗകര്യത്തോടെ റസിഡൻഷ്യൽ ഏരിയ ഉൾപ്പെടുത്തുന്ന പക്ഷം താമസിക്കുന്നവർക്കായി റേഷൻ കാർഡ് അനുവദിക്കാവുന്നതാണ്.<br><br>ടി.പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015-ന്റെ ക്ലോസ് 4(6) പ്രകാരം റേഷൻകാർഡ് ഉപഭോക്താക്കൾക്ക് പൊതു വിതരണ സംവിധാനം മുഖേനയുള്ള ഭക്ഷ്യ സാധനങ്ങൾ ലഭിക്കുന്നതിനുള്ള രേഖ മാത്രമാണെന്നും തിരിച്ചറിയൽ രേഖയായോ മേൽ വിലാസം തെളിയിക്കുന്ന രേഖയായോ റേഷൻ കാർഡ് ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന റസിഡൻഷ്യൽ സാക്ഷ്യ പത്രത്തിന്റെയോ, സമാനരേഖയുടെയോ അടിസ്ഥാനത്തിൽ ആവശ്യമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുമാണ് റേഷൻ കാർഡുകൾ അനുവദിക്കുന്നത്. |
| (സി) | കടമുറിയായി കൊമേഴ്സ്യൽ നമ്പറിട്ട കെട്ടിടങ്ങളുടെ ഉടമസ്ഥന് താമസിക്കാൻ വീട് ഇല്ലാത്ത സാഹചര്യത്തിൽ ആ കെട്ടിട നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഖണ്ഡം (B) കണ്ടാലും. |
| (ഡി) | ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നതിന് പുറമേ ഒരു വ്യക്തിയുടെ അഡ്രസ്, കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും വിവരങ്ങൾ എന്നിവ തെളിയിക്കുന്ന ആധികാരിക രേഖയാണ് റേഷൻകാർഡ് എന്നതുകൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ മാനുഷിക പരിഗണന നല്കി പ്രസ്തുത കെട്ടിട ഉടമകൾക്ക് റേഷൻ കാർഡ് അനുവദിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഖണ്ഡം (B) കണ്ടാലും. |

സെക്ഷൻ ഓഫീസർ